പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1286

13.12.2012- ൽ
മറുപടിക്ക്

## ഇൻകം സപ്പോർട്ട് സ്കീം

| ചോദ്യം<br>ശ്രീ.എം. ചന്ദ്രൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ)കയർമേഖലയിൽ ഇപ്പോൾ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ടോ; | (എ) കയർ പിരി മേഖലയിൽ ഇപ്പോൾ ഇൻകം - സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തൊഴിലാളികൾക്കാണ് ഈ സ്കീം പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പ്രോജക്ടുകളിലായി വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 17312 പേർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്. 02.02.2012 മുതൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം കയർ പിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 210 രൂപയായി വർദ്ധിപ്പിച്ച് പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം 31.01.2011ന് മുമ്പ് സംഘങ്ങൾ നല്കിയിരുന്ന കൂലിയിൽ നിന്ന് ഉണ്ടായിട്ടുള്ള വർദ്ധനവ് സർക്കാർ വിഹിതമായി തൊഴിലാളികൾക്ക് നല്കുകയാണ് ചെയ്യുന്നത്. |

| | |
|---|---|
| സി) കൂടുതൽ തൊഴിലാളികൾക്ക് ഈ സ്കീം പ്രകാരം ആനുകൂല്യം നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) കൂടുതൽ തൊഴിലാളികൾക്ക് ആനുകൂല്യം നല്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) എങ്കിൽ ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡി) സഹകരണ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള തൊഴിലാളികൾക്ക് അക്കൗണ്ട് എടുക്കുന്നതിനുള്ള തീയതി 31.12.2012 വരെ ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതും ഈ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് പത്രപ്പരസ്യം മുഖേന അറിയിപ്പ് നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ